www.wafycic.com

*Islamic Education is the first option;*
*not the last*


# Prospectus - 2017

تنسيق الكليات الإسلامية


## CO-ORDINATION OF ISLAMIC COLLEGES

ISO 9001:2015 Certified

Member, International Islamic Universities League


Karnataka
HEAD OFFICE
WAFY COLLEGE
WAFIYYA COLLEGE
WAFY CAMPUS
KASARAGOD
KANNUR
WAYANAD
KOZHIKODE
MALAPPURAM
WAFY CAMPUS 01
PALAKKAD
Tamil Nadu
THRISSUR
ERNAKULAM
IDUKKI
ALAPPUZHA
KOTTAYAM
PATHANAMTHITTA
KOLLAM
THIRUVANANTHAPURAM





മനുഷ്യൻ അറിവിന് വലിയ മഹത്വമാണ് കൽപ്പിച്ചുവരുന്നത്. ലോക രാഷ്ട്രങ്ങൾ വരുമാനത്തിന്റെ മൂന്നിലൊന്ന് വിദ്യാഭ്യാസത്തിന് വേണ്ടി ചെലവഴിക്കുന്നു എന്നാണ് കണക്ക്. പക്ഷെ മതധർമ്മ ബോധത്തിന്റെ അഭാവത്തിൽ അറിവുകൾ നിരർത്ഥകമായിത്തീരുന്നു. ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുള്ളത് പോലെ മതമില്ലാത്ത ശാസ്ത്രം മുടന്തനും ശാസ്ത്രമില്ലാത്ത മതം അന്ധനുമാണ്.

മത ഭൗതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഇസ്‌ലാമിക കോളേജുകളുടെ അക്കാദമിക് പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി വളാഞ്ചേരി മർക്കസുതർബിയ്യത്തിൽ ഇസ്‌ലാമിയ്യ ആസ്ഥാനമായി രണ്ടായിരത്തിൽ നിലവിൽ വന്ന അക്കാദമിക് ബോഡിയാണ് കോർഡിനേഷൻ ഓഫ് ഇസ്‌ലാമിക് കോളേജസ് (സി.ഐ.സി). ഒരു യൂണിവേഴ്സിറ്റിയുടെ മുഴുവൻ പ്രവർത്തനങ്ങളും ഈ ബോഡി നിർവ്വഹിച്ചുവരുന്നു. അന്താരാഷ്ട്ര ഇസ്‌ലാമിക് യൂണിവേഴ്സിറ്റീസ് ലീഗിൽ സി.ഐ.സി അംഗത്വം നേടിയിട്ടുണ്ട്. പെൺകുട്ടികൾക്കുള്ള 14 വഫിയ്യ കോളേജുകളും ആൺകുട്ടികൾക്കുള്ള 46 വാഫി കോളേജുകളും ഈ ബോഡിയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളാണ് സി.ഐ.സി യുടെ റെക്ടർ. ശൈഖുനാ പ്രൊഫ. കെ.ആലിക്കുട്ടി മുസ്‌ലിയാർ പരീക്ഷാബോർഡ് കൺട്രോളറും അബ്ദുൽ ഹകീം ഫൈസി ആദൃശ്ശേരി കോർഡിനേറ്ററും അലി ഫൈസി പാറൽ ട്രഷററും സൈദ് മുഹമ്മദ് നിസാമി അക്കാദമിക് കൗൺസിൽ ഡയറക്ടറും സയ്യിദ് സാബിഖലി ശിഹാബ് തങ്ങൾ ഫൈനാൻസ് സമിതി ഡയറക്ടറും നാസർ ഹാജി ചൊക്ലി പബ്ലിഷിംഗ് ബ്യൂറോ ഡയറക്ടറുമാണ്.

ഇസ്‌ലാമിക ജ്ഞാനങ്ങളോട് ഭൗതിക വിദ്യകൾ സമന്വയിച്ചു നൽകുന്ന ശ്രേഷ്ഠമായ വിദ്യാഭ്യാസ സംവിധാനമാണ് വാഫിയും (പ്രതിബദ്ധതയുള്ളവൻ) വഫിയ്യയും (പ്രതിബദ്ധതയുള്ളവൾ). (സി.ഐ.സി ഔദ്യോഗികമായി ഉപയോഗിക്കുന്ന വാഫി, വഫിയ്യ, വഫാ, വാഫിയ തുടങ്ങിയ നാമങ്ങൾ ഇന്ത്യൻ ട്രേഡ്മാർക്ക് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ ഈ നാമങ്ങളോ തെറ്റിദ്ധരിപ്പിക്കുന്ന സമാന നാമങ്ങളോ ഉപയോഗിക്കുന്നത് നിയമ വിരുദ്ധമാണ്).

# കോഴ്സ് ഘടന

| | | | പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | സർക്കാർ/യൂ.സിറ്റി കോഴ്സുകൾ |
|---|---|---|---|---|---|---|
| പ്രിപ്പേറ്ററി | തംഹീദിയ്യ (ആൺ കുട്ടികൾക്ക്) | | നഹ്വ്, സ്വർഫ് (ഗ്രാമർ, മോർഫോളജി), ലാംഗ്വേജ് അപ്ലിക്കേഷൻ, കർമ്മശാസ്ത്രം, തസവ്വുഫ്, സാഹിത്യം, രചന, ഉർദു. | രണ്ട് വർഷം (നാല് സെമസ്റ്റർ) | SSLC ഉപരി പഠന യോഗ്യത, മദ്രസ ഏഴാം തരം/ തത്തുല്യം | പ്ലസ്ടു (ഹ്യുമാനിറ്റീസ്, കൊമേഴ്സ്, സയൻസ്) |
| | തംഹീദിയ്യ (പെൺ കുട്ടികൾക്ക്) | | നഹ്വ്, സ്വർഫ് (ഗ്രാമർ മോർഫോളജി), ചരിത്രം, രചന, സാഹിത്യം, തസ്വവ്വുഫ്. | | | |
| ഡിഗ്രി | ആലിയ (ആൺ കുട്ടികൾക്ക്) | | ഖുർആൻ നിദാന ശാസ്ത്രം, തഫ്സീർ, ഹദീസ്, ഹദീസ് നിദാന ശാസ്ത്രം, കർമ്മ ശാസ്ത്രം, കർമ്മശാസ്ത്ര നിദാന ശാസ്ത്രം, നിയമ നിർമ്മാണ ചരിത്രം, അഖീദ, തർക്ക ശാസ്ത്രം, തസവ്വുഫ്, മതങ്ങളും ഇസങ്ങളും, ഗ്രാമർ, അറബി ഭാഷ, സാഹിത്യ പഠനങ്ങൾ, സാഹിത്യ വിമർശനം, ചരിത്രം, റിസർച്ച് മെത്തടോളജി, ഫങ്ഷണൽ അറബി, ഉർദു. | നാല് വർഷം (എട്ട് സെമസ്റ്റർ) | തംഹീദിയ്യ, പ്ലസ്ടു | യു.ജി.സി അംഗീകരിക്കുന്ന യൂ. സിറ്റി ഡിഗ്രി |
| | ആലിയ (പെൺകുട്ടികൾക്ക്) | | തഫ്സീർ, ഹദീസ്, ഹദീസ് നിദാനശാസ്ത്രം, ഫിഖ്ഹ്, ഉസൂലുൽ ഫിഖ്ഹ്, അഖീദ, തർക്ക ശാസ്ത്രം, ഗ്രാമർ, അലങ്കാര ശാസ്ത്രം, സാഹിത്യം, ചരിത്രം, ചിന്താ പ്രസ്ഥാനങ്ങൾ, കുടുംബ ഫിഖ്ഹ്, ഹോം സയൻസ് (ശൈശവ മനഃശാസ്ത്രം, ശാരീരിക വളർച്ച, വ്യക്തിത്വ വികസനം, കുടുംബ സംവിധാനം, ഗൃഹഭരണം, വിഭവ വിനിയോഗം, പോഷണം, സാമൂഹിക വികസനം, രോഗ പ്രതിരോധം, വാർധക്യം, രോഗ ശുശ്രൂഷ, പ്രവൃത്തി പരിചയം.) | മൂന്ന് വർഷം (ആറ് സെമസ്റ്റർ) | | |
| | ഫാക്കൽറ്റി | ഡിപ്പാർട്ട്മെന്റ് | | | | ഐച്ഛിക വിഷയങ്ങൾ |
| പി.ജി. | ഫാക്കൽറ്റി ഓഫ് ഉസ്വൂലുദ്ദീൻ | തഫ്സീർ | ഖുർആൻ വ്യാഖ്യാനം, ഉലൂമുൽ ഖുർആൻ, ഖുർആന്റെ അമാനുഷികത, വ്യാഖ്യാനങ്ങളുടെ രീതി ശാസ്ത്രം, ആരോപണങ്ങൾക്കു മറുപടി. | രണ്ട് വർഷം (നാല് സെമസ്റ്റർ) | ആലിയ ബിരുദം, യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി | തസവ്വുഫ്, മനഃശാസ്ത്രം പ്രബോധന രീതി ശാസ്ത്രം, ടീച്ചിംഗ്, ഗവേഷണ പ്രബന്ധം, ഐ.ടി, റിസർച്ച് മെത്തേഡ്സ്, ബിഹേവിയറൽ സൈക്കോളജി (പ്രീ മാരിറ്റൽ. ഡി-അഡിക്ഷൻ) |
| | | ഹദീസ് | ഹദീസ്, ഹദീസ് നിദാന ശാസ്ത്രം, ഹദീസ് ടെർമിനോളജി, ഹദീസിന്റെ അമാനുഷികത, ഹദീസ് പണ്ഡിതരുടെ രീതി ശാസ്ത്രം, ആരോപണങ്ങൾക്കു മറുപടി. | | | |
| | | അഖീദ | അഖീദ, വിശ്വാസ ശാസ്ത്രം, മത താരതമ്യപഠനം, ചിന്തകളും ഇസങ്ങളും, തർക്ക ശാസ്ത്രം, തത്വ ശാസ്ത്രം, ആരോപണങ്ങൾക്കു മറുപടി. | | | |
| | | ദിറാസാത് ഇസ്ലാമിയ്യ (പെൺകുട്ടികൾക്ക്) | തഫ്സീർ (ബൈളാവി), ഹദീസ് (മുസ്ലിം), ഫിഖ്ഹ് (മഹല്ലി), അഖീദ, ആരോപണങ്ങൾക്ക് മറുപടി, തസവ്വുഫ്, സാഹിത്യം, ചരിത്രം, ഗ്രാമർ, ഫംങ്ഷണൽ അറബിക്. | | | |
| | ഫാക്കൽറ്റി ഓഫ് ശരീഅഃ | കുടുംബ കർമ്മ ശാസ്ത്രം | നിയമം, വ്യക്തി നിയമം, ഫിഖ്ഹ് നിദാന ശാസ്ത്രം, ശരീഅത്തിന്റെ അന്തസ്സത്ത, ന്യൂന പക്ഷ ഫിഖ്ഹ്, ആധുനിക പ്രശ്നങ്ങൾ. | | | |
| | | വിനിമയ കർമ്മ ശാസ്ത്രം | വിനിമയങ്ങളുടെ കർമ്മ ശാസ്ത്രം, ഫിഖ്ഹ് നിദാന ശാസ്ത്രം, ഫിഖ്ഹ് നിയമങ്ങൾ, ശരീഅത്തിന്റെ അന്തസ്സത്ത, ഇസ്ലാമിക സാമ്പത്തിക ശാസ്ത്രം, ബാംങ്കിഗ് ആധുനിക പ്രശ്നങ്ങൾ | | | |
| | ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് ആന്റ് കൾച്ചർ | അറബി ഭാഷാ സാഹിത്യം | സാഹിത്യ ചരിത്രം, ഗ്രാമർ, സാഹിത്യ പഠനങ്ങൾ, നിരൂപണം, വിവർത്തനം, അലങ്കാര ശാസ്ത്രം, ആധുനിക സാഹിത്യ പ്രവണതകൾ, ഭാഷാ ശാസ്ത്രം | | | |
| | | ചരിത്രം | ചരിത്രത്തിന്റെ ചരിത്രം, ഇസ്ലാമിക, അമവി, അബ്ബാസി കാലഘട്ടം, ഓട്ടോമൻ കാലം, സ്പെയിൻ ചരിത്രം, ഇസ്ലാമിക രാഷ്ട്രം, ഇന്ത്യാ ചരിത്രം, ഇസ്ലാമിക സംസ്കാരം, ആരോപണങ്ങൾക്കു മറുപടി. | | | |

## സവിശേഷതകൾ

- സമസ്തക്കു കീഴിൽ ലോക നിലവാരത്തിൽ ദീനീ പഠനം.
- സയൻസ് ഉൾപ്പെടെ റഗുലർ സ്ട്രീമിൽതന്നെയുള്ള +2, ഡിഗ്രി പഠനം.
- ദീനീ പഠനത്തിൽ സ്പെഷലൈസേഷന് അവസരം.
- പെൺകുട്ടികൾക്ക് ആധുനിക സുരക്ഷിത ഇസ്‌ലാമിക കാമ്പസുകൾ.
- ഇസ്‌ലാമിക ശിക്ഷണത്തിന് മുന്തിയ പരിഗണന.
- ഏകീകൃത അടിസ്ഥാന സൗകര്യങ്ങൾ. (With Grading and Stars).
- അറബി, ഇംഗ്ലീഷ്, ഉറുദു ഭാഷകളിൽ പരിശീലനം.
- നിരന്തര മൂല്യനിർണയ (Continues Evaluation) രീതികൾ നടപ്പാക്കുന്ന മത കോഴ്സ്.
- അറബി ഭാഷാ പഠനത്തിനു പുതിയ രീതികൾ (LSRW).
- നിർബന്ധിത സാമൂഹിക സേവനം (CSS)നടപ്പിലാക്കിയ ആദ്യ ദീനീ കരിക്കുലം.
- DCA നിലവാരത്തിലുള്ള കംപ്യൂട്ടർ പഠനം.
- പി.ജി തലത്തിൽ ഗവേഷണ പ്രബന്ധം (Dissertation).

## ലക്ഷ്യങ്ങൾ

- ഇസ്‌ലാമിക പ്രബോധനപ്രവർത്തനങ്ങൾ കാലോചിതമായി നടത്താൻ പ്രാപ്തരായ പണ്ഡിതന്മാരെയും തലമുറകളെ ഇസ്‌ലാമികമായി വളർത്താനും വനിതകൾക്കിടയിൽ ഇസ്‌ലാമിക പ്രബോധനം നടത്താനും പ്രാപ്തകളായ പണ്ഡിതകളെയും വാർത്തെടുക്കുക.
- ഇസ്‌ലാമിന്റെ സമാധാനസന്ദേശം സാധ്യമാകുന്ന എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് പ്രചരിപ്പിക്കുക.
- മതഭൗതിക വിദ്യകൾക്കിടയിലെ അകലം കുറച്ച് വിവിധ വിജ്ഞാനധാരകളുടെ ആരോഗ്യകരമായ സംയോജനം സാധ്യമാക്കുക.
- ഇസ്ലാമിക വിദ്യാഭ്യാസത്തെ ലോക നിലവാരത്തിലേക്ക് ഉയർത്തുക.
- രാജ്യപുരോഗതിക്കും മതസമൂഹങ്ങൾക്കിടയിൽ സമാധാനപരമായ സഹവർത്തിത്വമുണ്ടാക്കുന്നതിനും ഉതകുന്ന പാഠ്യപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- പൊതുജീവിതത്തിന്റെ സാധ്യമായ നിഖില മേഖലകളിലും അവസരങ്ങൾ നേടാൻ ഇസ്‌ലാമിനെക്കുറിച്ചറിയുന്നവരെ പ്രാപ്തരാക്കുക.
- ധൈഷണിക വൈജ്ഞാനിക രംഗങ്ങളിൽ സ്ത്രീ സമൂഹത്തെ ഉയർത്തിക്കൊണ്ടുവരിക.



### സമീപനം

കേരളത്തിന്റെ ആധികാരിക മതപണ്ഡിതസഭയായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സമീപനങ്ങളാണ് സി.ഐ.സി പിന്തുടരുന്നത്. സമസ്തയുടെ ആശയാദർശങ്ങൾ അംഗീകരിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രമേ സി.ഐ.സി അഫിലിയേഷൻ നൽകൂ. സമസ്തയുടെ ചരിത്രത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പട്ടികയിൽ വാഫി, വഫിയ്യ കോഴ്സുകൾ ഗണനീയ സ്ഥാനം അലങ്കരിക്കുന്നു.

### അംഗീകാരങ്ങൾ

സി.ഐ.സി യുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വിവിധ അന്താരാഷ്ട്ര ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 2009 ലെ ഇസ്‌ലാം ഓൺലൈൻ അന്താരാഷ്ട്ര വിദ്യാഭ്യാസ പുരസ്കാരവും 2011 ലെ ഇസ്‌ലാം ഡോട്ട് നെറ്റ് പുരസ്കാരവും 2017 ൽ ISO 9001:2015 പുരസ്കാരവും സി.ഐ.സി യെ തേടിയെത്തുകയുണ്ടായി.

### സഹകരണ ധാരണകൾ (MoU)

- ഇന്റർനാഷണൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റീസ് ലീഗ്
- അൽ അസ്ഹർ യൂനിവേഴ്സിറ്റി, ഈജിപ്ത്
- കൈറോ യൂനിവേഴ്സിറ്റി (ദാറുൽ ഉലൂം)
- ALECSO (അറബ് ലീഗ്)
- മജ്മഉല്ലുഗൽ അറബിയ്യ
- മത കാര്യ മന്ത്രാലയം, ഈജിപ്ത്
- അലിഗഡ് മുസ്‌ലിം യൂനിവേഴ്സിറ്റി
- ഹംദർദ് യൂനിവേഴ്സിറ്റി
- ജാമിഅഃ മില്ലിയ്യഃ, ന്യൂ ഡൽഹി
- കാലിക്കറ്റ് സർവ്വകലാശാല (SDE)
- അൽ അസ്ഹർ അലുംനി
- NCPUL (Govt. of India)








### പാഠ്യ രീതി

നൂറ്റാണ്ടുകളായി ഇന്ത്യയിലെ ഇസ്‌ലാമിക കലാലയങ്ങൾ പിന്തുടർന്നുവരുന്ന പരമ്പരാഗതമായ നിസാമിയ സിലബസ് പരിഷ്കരിച്ചാണ് സി.ഐ.സി. അതിന്റെ സിലബസ് സംവിധാനിച്ചത്. ഇതിന്റെ ഭാഗമായി സർക്കാർ അംഗീകൃത കോഴ്സുകൾ (സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ്) പാഠ്യപദ്ധതിയുടെ അവിഭാജ്യ ഭാഗമാക്കി. ലോകോത്തര വിദ്യാപീഠങ്ങളുടെ പാഠ്യപദ്ധതികളോട് സമാനത വരുത്തി ആധുനിക ബോധനരീതികൾ പ്രാവർത്തികമാക്കുകയും പഴമയുടെയും പുതുമയുടെയും ആരോഗ്യകരമായ സമന്വയത്തിലൂടെ മത ഭൗതിക വിദ്യാഭ്യാസങ്ങളെ ഉന്നമിപ്പിക്കാനും ഭൗതിക വിദ്യാഭ്യാസത്തിലൊതുങ്ങുമായിരുന്ന അനേകം പേരെ മതവിദ്യാഭ്യാസത്തിലേക്കും മത വിദ്യാഭ്യാസത്തിലൊതുങ്ങുമായിരുന്നവരെ ഭൗതിക വിദ്യാഭ്യാസ രംഗത്തിലേക്കും ആകർഷിക്കാനും ഇതുവഴി സി.ഐ.സി ക്ക് സാധിച്ചു.
ഒരു സെമസ്റ്ററിൽ 6 പ്രവൃത്തി ദിവസങ്ങളുള്ള 20 ആഴ്ചകൾ (120 പ്രവൃത്തി ദിവസങ്ങൾ) വാഫി അക്കാദമിക് കലണ്ടർ ആർജ്ജിക്കുന്നു (ഒരു വർഷം 240 പ്രവൃത്തി ദിവസങ്ങൾ). മതപഠനത്തിനാണ് ഈ പാഠ്യപദ്ധതി ഊന്നൽ നൽകുന്നത്. എന്നാൽ യു.ജി.സി അംഗീകരിക്കുന്ന യൂണിവേഴ്സിറ്റി ഡിഗ്രീ നിർബന്ധമായും ഒപ്പം പഠിച്ചിരിക്കേണ്ടതാണ്. യു.ജി.സി അംഗീകരിക്കുന്നബിരുദം നേടാത്ത വർക്ക് വാഫി,വഫിയ്യ ബിരുദങ്ങൾ നൽകുന്നതല്ല. ഫലപ്രദമായ അധ്യാപനവും സമയത്തിന്റെ കാര്യക്ഷമമായ ഉപയോഗവും വഴി വിദ്യാർത്ഥി മുഴുസമയ പഠനത്തിലൂടെ വെവ്വേറെ നേടിയെടുക്കേണ്ട മത-ഭൗതിക ബിരുദങ്ങൾ അങ്ങനെ ഒപ്പം നേടിയെടുക്കാനാകുന്നു. "മത പഠനത്തിന് ഭൗതിക പഠനമോ ഭൗതിക പഠനത്തിന് മതപഠനമോ തടസ്സമാകാതെ" എന്ന ശീർഷകം സി.ഐ.സി ഉയർത്തിപ്പിടിക്കുന്നു. ശാസ്ത്ര മത സമന്വയം സാധ്യമല്ലെന്ന വിചാരം ഉൾക്കാഴ്ചയില്ലായമയിൽ നിന്നുണ്ടാകുന്നതാണെന്ന് ഇമാം ഗസ്സാലി (റ) പറഞ്ഞിട്ടുള്ളത് ഇവിടെ ശ്രദ്ധേയമാണ്.

### CBCSS

വാഫി പി.ജി തലത്തിൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റ (CBCSS)മാണ് പിന്തുടരുന്നത്. ഇതനുസരിച്ച് ഒരു ഫാക്കൽറ്റി തെരെഞ്ഞെടുത്ത വിദ്യാർത്ഥിക്ക് ഇതര ഫാക്കൽറ്റികളിൽ നിന്ന് താൽപര്യമനുസരിച്ച് ക്രെഡിറ്റുകൾ സ്വീകരിക്കാവുന്നതാണ്. ഒരു വിഷയത്തിന് ആഴ്ചയിൽ ചെലവഴിക്കപ്പെടുന്ന അദ്ധ്യാപന - അധ്യയന പ്രവർത്തനങ്ങളാണ് ഒരു ക്രെഡിറ്റ്.



### ഐ.ടി

കോഴ്സ് പൂർത്തിയാക്കുതിനുമുമ്പ് DCA നിലവാരത്തിലുള്ള കമ്പ്യൂട്ടർ പഠനം നിർബന്ധമാണ്. ഈ ആവശ്യാർത്ഥം അഫിലിയേറ്റഡ് കോളേജുകൾ സ്വന്തമായി കമ്പ്യൂട്ടർ ലാബ് സജ്ജമാക്കേണ്ടതുണ്ട്.

### അറബിക്, ഉർദു

പഠനകാലയളവിൽ കേന്ദ്രസർക്കാറിന്റെ NCPUL അംഗീകാരത്തോട് കൂടിയ ദ്വിവർഷ ഫങ്ഷണൽ അറബിക് കോഴ്സും ഏക വർഷ ഫങ്ഷണൽ ഉറുദു കോഴ്സും നേടാൻ സൗകര്യമുണ്ട്.



## സ്ത്രീ വിദ്യാഭ്യാസം

ദീനീ അന്തരീക്ഷത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അഭാവത്തിൽ പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസം ഇന്ന് പ്രതിസന്ധിയിലാണ്. അതിന് ഒരു വിനീത പരിഹാരമാണ് വഫിയ്യ. ഉത്തമ കുടുംബിനിയെയും വിചക്ഷണയായ അധ്യാപികയെയും വിശുദ്ധയായ പ്രബോധകയെയും സൃഷ്ടിക്കാൻ ഈ പദ്ധതി ശ്രമിക്കുന്നു. ദീനീ ബോധവും ആധുനികതയും ലാളിത്യവും കൈകോർക്കുന്ന വഫിയ്യ റസിഡൻഷ്യൽ കാമ്പസുകൾ സ്ത്രീ പാണ്ഡിത്യത്തിന് അടിത്തറയിടുന്ന കേന്ദ്രങ്ങളാണ്. മതഭൗതിക സമന്വയത്തിലൂടെ വിശാല വീക്ഷണവും സ്വത്വബോധവും ഈ കാമ്പസുകൾ പകർന്ന് നൽകുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസവും, മികച്ച ഭൗതിക സൗകര്യങ്ങളും ഒരുക്കുന്നു.

## റസിഡൻഷ്യൽ

വിദ്യാർത്ഥി വിദ്യാർത്ഥിനികൾ താമസിച്ച് പഠിക്കുന്ന രീതിയാണ് വാഫി വഫിയ്യ കാമ്പസുകൾ പിന്തുടരുന്നത്. പഠനത്തിൽ ശ്രദ്ധ കൂടുതൽ കേന്ദ്രീകരിക്കാനും സമയനഷ്ടം പരമാവധി കുറക്കാനും ഗുരുജനങ്ങളുടെ ശിക്ഷണം നേരിട്ട് നേടാനും ഇസ്‌ലാമികാന്തരീക്ഷത്തിൽ വളരാനും ഈ പരമ്പരാഗത ഗുരുകുല രീതി സഹായിക്കുന്നു. എന്നാൽ സ്ത്രീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുകാരണം വഫിയ്യ ഡേ കോളേജുകൾ ഈ വർഷം ആരംഭിക്കാൻ സി.ഐ.സി തീരുമാനിച്ചിരിക്കുന്നു. സാധാരണ ഡേ കോളേജുകളിൽ നിന്നും തികച്ചും വിത്യസ്തമായി വഫിയ്യയുടെ അക്കാദമിക് ഗുണനിലവാരവും ഇസ്‌ലാമിക ശിക്ഷണ രീതികളും കാത്തു സൂക്ഷിക്കുന്നതിനു വേണ്ടി കൂടുതൽ നിബന്ധനകളും നിയന്ത്രണങ്ങളും ഉൾക്കൊള്ളുന്നതായിരിക്കും ഈ കോളേജുകളുടെ സംക്ഷിപ്ത കരിക്കുലം.






### മെന്ററിംഗ്

വിദ്യാർത്ഥികൾക്കു വ്യക്തിശ്രദ്ധയും പരിഗണനയും വലിയ അളവിൽ കിട്ടേണ്ടതുണ്ട്. കൊച്ചു ദുഖങ്ങളും പ്രശ്നങ്ങളും അവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതിനു പരിഹാരമായി സി.ഐ.സി മെന്ററിംഗ് സിസ്റ്റം ഏർപ്പെടുത്തിയിരിക്കുന്നു. മനശ്ശാസ്ത്രപരമായ പരിചരണവും മാർഗ്ഗനിർദ്ദേങ്ങളും വഴി മുഴുസമയ മെന്റർമാർ (മാർഗ്ഗനിർദ്ദേശകർ) അവരെ സഹായിക്കുന്നു.

### സ്കിൽ ഡവലപ്പിംഗ്

അദ്ധ്യാപകർക്കും പ്രബോധകർക്കും ആവശ്യമായ വിത്യസ്ത സ്കിൽ ഡവലപ്പിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നു. ദഅ്‌വ വർക്ക്ഷോപ്പുകൾ, ദഅ്‌വ ഫീൽഡ് വർക്കുകൾ, ടീച്ചിംഗ് പ്രാക്ടീസ്, പ്രീ-പോസ്റ്റ് മാരിറ്റൽ കൗൺസിലേഴ്സ് ട്രെയ്നിംഗ്, ഡീ അഡിക്ഷൻ കൗൺസിലേഴ്സ് ട്രെയ്നിംഗ് തുടങ്ങിയ പരിപാടികൾ അവയിൽ ചിലതാണ്.

### സാമൂഹിക സേവനം (CSS)

സാമൂഹിക സേവനത്തെ സി.ഐ.സി പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമായി പരിഗണിക്കുന്നു. ഡിഗ്രി തലത്തിൽ ഓരോ വിദ്യാർത്ഥിയും 192 മണിക്കൂറും വിദ്യാർത്ഥിനി 100 മണിക്കൂറും സാമൂഹിക സേവനം (CSS) നിർബന്ധമായും നിർവ്വഹിക്കേണ്ടതുണ്ട്. മഹല്ലു പരിഷ്കരണ പദ്ധതികൾ തയ്യാറാക്കൽ, സർക്കാർ-സർക്കാരേതര ആനുകൂല്യങ്ങൾ അർഹർക്ക് ലഭ്യമാക്കൽ, ആരോഗ്യ/സാമൂഹിക-മതസൗഹാർദ്ദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മതപഠന ക്ലാസ്സുകൾ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിശാലമായ മേഖലകൾ ഇതിന്റെ പരിധിയിൽ വരുന്നു.

### സി. ഇ

പഠനത്തിന്റെ കാര്യക്ഷമതക്ക് അസൈൻമെന്റ്, സെമിനാർ, ഡിബേറ്റ്, കളക്ഷൻ, പ്രൊജക്ട് തുടങ്ങിയ നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ചിട്ടയിൽ നടത്തുന്നു.



**സഹവാസ ക്യാമ്പ്**

പഠിതാക്കൾക്കിടയിൽ ചിന്താപരമായ ഐക്യവും ഏകീഭാവവും വൈദഗ്ധ്യങ്ങളുടെ കൈമാറ്റവും നേടിയെടുക്കുന്നതിനു വേണ്ടി സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കപ്പെടുന്നു.

**പരീക്ഷ**

മത വിഷയങ്ങളിൽ പരീക്ഷകൾ സി.ഐ.സി നേരിട്ട് നടത്തുന്നതാണ്. ഭൗതിക വിഷയങ്ങളിൽ ബന്ധപ്പെട്ട യൂണിവേസിറ്റികളായിരിക്കും പരീക്ഷകൾ നടത്തുക. പഠനോപകരണങ്ങളും പരീക്ഷാ ഫീസുകളും വിദ്യാർത്ഥികൾ വഹിക്കേണ്ടതാണ്.

**പാഠ്യേതര പ്രവർത്തനങ്ങൾ**

അറബി, ഇംഗ്ലീഷ്, ഉറുദു, മലയാളം ഭാഷകളിലായി പ്രത്യേകം ക്ഷണിക്കപ്പെടുന്ന വിദഗ്ധരുടെ പഠനക്ലാസുകൾ, പ്രഭാഷണ പരിശീലനം, ഡിബേറ്റുകൾ, സെമിനാറുകൾ, തുടങ്ങിയവ പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കുന്നു. റിസർച്ച് മാഗസിനുകൾ, പുസ്തകങ്ങൾ, കൈയ്യെഴുത്ത് പ്രസിദ്ധീകരണങ്ങൾ, ടാബ്ലോയ്ഡുകൾ, ബുള്ളറ്റിനുകൾ, ലഘുലേഖകൾ, ചുമർപത്രങ്ങൾ, സുവനീറുകൾ തുടങ്ങിയവ വിദ്യാർത്ഥികൾ പുറത്തിറക്കുന്നു. വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കാനായി കോളേജുകളിൽ വിദ്യാർത്ഥി യൂണിയനുകൾ പ്രവർത്തിച്ച് വരുന്നു.

**റിസർച്ച് കൗൺസിൽ**

വാഫി സ്ഥാപനങ്ങളിലെ ഉസ്താദുമാർക്ക് പ്രാതിനിധ്യമുള്ള ഒരു കൂട്ടായ്മയാണിത്. കാലിക പ്രസക്തമായ കർമ്മശാസ്ത്ര-ചിന്താ വിഷയങ്ങളിൽ ഈ കൗൺസിൽ നടത്തുന്ന ചർച്ചകളും സംവാദങ്ങളും പണ്ഡിതകേരളത്തിന്റെ സജീവ ശ്രദ്ധയാകർഷിക്കാറുണ്ട്.







### കലോത്സവം

വാഫി കുടുംബത്തിന്റെയും കലാപ്രേമികളുടെയും വാർഷികപ്പെരുന്നാളാണ് രണ്ടു വർഷം ഇടവിട്ടു നടക്കുന്ന വാഫി, വഫിയ്യ കലോത്സവം. മലയാളം, ഇംഗ്ലീഷ്, അറബിക്, ഉറുദു ഭാഷകളിലായി ഇരുന്നൂറോളം ഇനങ്ങളിൽ ആറായിരത്തോളം വിദ്യാർത്ഥീ വിദ്യാർത്ഥിനികളിൽ നിന്ന് തെരെഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ ഈ മാമാങ്കത്തിൽ മാറ്റുരക്കുന്നു. കൂടാതെ വിവിധങ്ങളായ സാംസ്കാരിക പരിപാടികളും നടക്കുന്നു. മുഴുവൻ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികൾ ഒന്നിച്ചണിനിരക്കുന്ന ക്യൂ ഫോർ ടുമോറോ അസംബ്ലി, കാലിക പ്രസക്തങ്ങളായ കർമ്മ ശാസ്ത്ര ചിന്താ വിഷയങ്ങളിൽ സെമിനാറുകൾ, കൾച്ചറൽ ഡയലോഗുകൾ, അർഹാം അസംബ്ലി തുടങ്ങിയവ അവയിൽ ചിലതാണ്.

### കായികമേള

സംസ്ഥാനതല വാഫി കായികമേളയും ഭംഗിയായി നടക്കുന്നു. ലക്ഷണമൊത്ത വിദ്യാർത്ഥി സമൂഹസൃഷ്ടിക്കു കായികാരോഗ്യവും മാനസികാരോഗ്യവും കൈകോർക്കേണ്ടതുണ്ടെന്ന് സി.ഐ.സി തിരിച്ചറിയുന്നു.

### WSF (വാഫി)

വാഫി കോളേജുകളിലെ വിദ്യാർത്ഥികളുടെ സംസ്ഥാനതല കൂട്ടായ്മയാണ് വാഫി സ്റ്റുഡന്റ്സ് ഫെഡറേഷൻ. സാംസ്കാരിക കലാ കായിക രംഗങ്ങളിൽ ഈ സംഘടന സജീവമായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ ഏകീകരിക്കുകയും പരിപോഷിപ്പിക്കുകയുമാണ് WSF ന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തിൽ സംസ്ഥാനതല കലാ കായികമത്സരങ്ങളും ദേശീയ അന്തർദേശീയ സെമിനാറുകളും മറ്റും സംഘടന നടത്തുന്നു. മത പഠനരംഗത്തേക്ക് പുതുതലമുറയെ ആകർഷിക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ട്.










### WSF (വഫിയ്യ)

വഫിയ്യ കോളേജുകളിലെ വിദ്യാർത്ഥിനികളുടെ സംസ്ഥാനതല കൂട്ടായ്മയായ വഫിയ്യ സ്റ്റുഡന്റ്സ് ഫെഡറേഷനും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നു. വഫിയ്യ കലോത്സവങ്ങൾ പൂർണ്ണമായും പ്ലാൻ ചെയ്ത് നടപ്പാക്കുന്നത് ഈ സംഘടനയാണ്. കഴിഞ്ഞ കലോത്സവത്തോടനുബന്ധിച്ച് അവർ സ്വന്തമായി നടത്തിയ വനിതാ സമ്മേളനം ശ്രദ്ധേയമായിരുന്നു.

### ഓർബിറ്റ്

വാഫി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ജില്ല, താലൂക്ക്, പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രാദേശികമായി ഒത്തുകൂടുന്ന കൂട്ടായ്മയാണ് ഓർബിറ്റ്. വിദ്യാഭ്യാസ പാരിസ്ഥിതിക കാരുണ്യ പ്രവർത്തനങ്ങൾ ഈ ഓർബിറ്റുകൾ നടത്തിവരുന്നു. പെൺകുട്ടികളുടെ ഓർബിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

### MPTA

മാനേജ്മെന്റ് പാരന്റ്സ് ടീച്ചേഴ്സ് അസോസിയേഷൻ സി.ഐ.സി യുടെ പ്രധാനഭാഗമാണ്. അഫ്ലിയേറ്റഡ് സ്ഥാപനതല MPTA കളുടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്ന് ഈരണ്ട് പേർ അടങ്ങുന്നതാണ് സി.ഐ.സി തല MPTA .

### അർഹാം അസംബ്ലി

വാഫി വഫിയ്യ കോളേജുകളുടെ ഭരണാധികാരികൾ, അവരുടെ കുടുംബങ്ങൾ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾ, അവരുടെ കൂട്ടുകുടുംബങ്ങൾ, അദ്ധ്യാപകർ, അവരുടെ കുടുംബങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അവരുടെ കുടുംബങ്ങൾ, വാഫിയുടെ ഗുണകാംക്ഷികൾ തുടങ്ങിയവർ അടങ്ങുന്ന വിശാലമായ വാഫി കുടുംബത്തിന്റെ സംഗമമാണ് അർഹാം അസംബ്ലി (കുടുംബ സംഗമം). നിലവിൽ ഇരുപതിനായിരത്തോളം അംഗങ്ങൾ ഇതിലുണ്ട്.

## വാഫി കാമ്പസ്

ഇസ്‌ലാമിക മാനവിക വിദ്യകളുടെ സമന്വയത്തിലൂടെ ആധുനിക ലോകത്തിനു ബൗദ്ധിക ഭൗതിക പുരോഗതികളുടെ അടിത്തറയിട്ടുകൊടുത്ത പൂർവ്വികരുടെ പ്രതാപം വീണ്ടെടുക്കാൻ 'വാഫി' സവിനയം ശ്രമിക്കുന്നു. ഒരു യൂണിവേഴ്‌സിറ്റിയുടെ മുഴുവൻ പ്രവർത്തനങ്ങളും നിർവ്വഹിക്കാൻ സൗകര്യങ്ങളുള്ള വിശാലമായ വാഫി കാമ്പസ് കാളികാവിൽ ഉയർന്നുവരുന്നു. ആദ്യഘട്ടം പിന്നിട്ടുകൊണ്ടിരിക്കുന്ന ഈ കാമ്പസ് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഇത് സ്ഥാപനങ്ങളുടെ സ്ഥാപനമാണ്. നാം മുസ്‌ലിം ലോകത്തേക്ക് തുറക്കുന്ന അറിവിന്റെ ജാലകമാണ്. രാജ്യ പുരോഗതിക്കും ലോകസമാധാനത്തിനും വേണ്ടിയുള്ള കേന്ദ്രമാണ്.



## അലുംനി

പഠനം പൂർത്തിയാക്കിയ വാഫികൾ ഈജിപ്തിലെ അൽ-അസ്ഹർ, കൈറോ, മലേഷ്യയിലെ ഗ്ലോബൽ യൂണിവേഴ്സിറ്റി ഓഫ് ഇസ്ലാമിക് ഫിനാൻസ്, ജെ.എൻ.യു, അലീഗഡ്, ജാമിഅഃ മില്ലിയ്യഃ തുടങ്ങിയ മതഭൗതിക രംഗങ്ങളിലെ വിശ്വോത്തര യൂണിവേഴ്സിറ്റികളിൽ ഉപരി പഠന-ഗവേഷണങ്ങൾക്കു അവസരം നേടുന്നു. പലരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധ്യാപന-പ്രബോധന-മാധ്യമ-ബിസിനസ് മേഖലകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. അക്കാദമിക് ചിന്താ സാഹിത്യ രംഗങ്ങളിൽ ലോകശ്രദ്ധ നേടിയ രചനകൾ കാഴ്ചവെക്കാനായവരും കൂട്ടത്തിലുണ്ട്. വാഫി അസോസിയേഷൻ (അലുംനി) വിദ്യാഭ്യാസ പ്രബോധന രംഗങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## അച്ചടക്കം

വാഫി- വഫിയ്യ കോഴ്സുകളിൽ ദീനി പഠനത്തിനും ശിക്ഷണത്തിനുമാണ് മുൻഗണന. ഭൗതിക ലക്ഷ്യത്തിന് മുൻഗണന നൽകുന്നവർക്ക് ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ ധാർമ്മികമായി യാതൊരു അർഹതയുമില്ല. വിദ്യാർത്ഥികൾ ദീനി ചിട്ടകൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഇസ്ലാമിക വസ്ത്രധാരണം നിർബന്ധമാണ്. അച്ചടക്കം ലംഘിക്കുകയോ വിദ്യാർത്ഥി വിദ്യാർത്ഥിനികളോ അവരുടെ രക്ഷിതാക്കളോ സി.ഐ.സിയുടെ വീക്ഷണങ്ങളോട് പൊരുത്തപ്പെട്ട് പോകാതിരിക്കുകയോ ചെയ്യുന്ന പക്ഷം അച്ചടക്ക നടപടികൾ ഉണ്ടാകുന്നതാണ്. അതിനെത്തുടർന്നുണ്ടാകുന്ന സാമ്പത്തികമോ വിദ്യാഭ്യാസപരമോ സാമൂഹികമോ ആയ യാതൊരു നഷ്ടങ്ങൾക്കും സി.ഐ.സി ഉത്തരവാദിയാകുന്നതല്ല.



## ഗ്രെയ്സ് മാർക്ക്

സംസ്ഥാന വാഫി കലാ കായികമേളകൾ, സി.ഐ.സിയോ, സി.ഐ.സിയുമായി എം.ഒ.യു. ഒപ്പുവെച്ച സ്ഥാപനങ്ങളോ യു.ജി.സി. സഹകരണത്തോടെ മറ്റു സ്ഥാപനങ്ങളോ നടത്തുന്ന അക്കാദമിക്ക് പരിപാടികൾ തുടങ്ങിയവയിലെ മികവിന് നിബന്ധനകൾക്ക് വിധേയമായി ഗ്രെയ്സ് മാർക്ക് ലഭിക്കുന്നതായിരിക്കും.



## അടിസ്ഥാന സൗകര്യങ്ങൾ

അഫിലിയേറ്റഡ് സ്ഥാപനങ്ങൾ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് സി.ഐ.സി ഉറപ്പ് വരുത്തുന്നു. അവയെ അടിസ്ഥാനപ്പെടുത്തി സ്ഥാപനങ്ങൾക്ക് ഗ്രേഡും സ്റ്റാറും നൽകി വരുന്നു.

<u>**ലൈബ്രറി:**</u> അറബി, ഇംഗ്ലീഷ്, മലയാളം, ഉർദു ഭാഷകളിലായി ധാരാളം പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും ബാല സാഹിത്യങ്ങളും സിലബസുമായി ബന്ധപ്പെട്ട അധികവായനക്കാവശ്യമായ കിതാബുകളും വ്യാഖ്യാനഗ്രന്ഥങ്ങളും ഉപകരണങ്ങളും മറ്റുമുൾകൊള്ളുന്ന വിശാലമായ ലൈബ്രറികൾ. (പ്രിപ്പറേറ്ററി ഡിഗ്രി പി.ജി ഘട്ടങ്ങളിലുണ്ടായിരിക്കേണ്ട ഗ്രന്ഥങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്)

<u>**റീഡിംഗ് റൂം:**</u> മലയാളം, ഇംഗ്ലീഷ്, അറബി, ഉറുദു പത്ര മാസികകളും പ്രസിദ്ധീകരണങ്ങളും സി.ഡികളും മറ്റു ആധുനിക പഠനസൗകര്യങ്ങളും ഉൾകൊള്ളുന്ന റീഡിംഗ് റൂമുകൾ.



<u>**ഓഡിറ്റോറിയം:**</u> ജനറൽ ക്ലാസുകൾ, സംവാദങ്ങൾ, പരിശീലനക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കാൻ ആധുനിക സൗകര്യങ്ങളോടു കൂടിയ ഓഡിറ്റോറിയങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ.

<u>**ലാബ്:**</u> കമ്പ്യൂട്ടർ സാക്ഷരതക്ക് സ്വന്തമായി ലാബുകൾ, ഇന്റർനെറ്റ് കണക്ഷൻ, മറ്റു ആധുനിക ഉപകരണങ്ങൾ, സൗകര്യങ്ങൾ.

<u>**പ്ലേഗ്രൗണ്ട്:**</u> വിദ്യാർത്ഥികൾക്ക് ആവശ്യമായ കായിക വിനോദങ്ങളിലേർപ്പെടാനുള്ള സൗകര്യങ്ങൾ.



<u>**താമസം:**</u> മെച്ചപ്പെട്ട താമസസൗകര്യങ്ങൾ, സാനിറ്ററി സൗകര്യങ്ങൾ, (ഇവയുടെ അളവും എണ്ണവും നിശ്ചയിച്ചിട്ടുണ്ട്) സമീകൃതാഹാരം.

## ഗ്രേഡിംഗ്

അടിസ്ഥാന സൗകര്യങ്ങളെയും അക്കാദമിക് മേന്മകളെയും അടിസ്ഥാനപ്പെടുത്തി അഫ്‌ലിയേറ്റഡ് സ്ഥാപനങ്ങൾക്ക് ഗ്രേഡും സ്റ്റാറും നൽകി വരുന്നു. പ്രോസ്പെക്ടസുകളിൽ ഇത് കൃത്യമായി രേഖപ്പെടുത്തുന്നു. മികച്ച സ്ഥാപനങ്ങൾ തെരഞ്ഞെടുക്കാൻ ഇതു വിദ്യാർത്ഥികളെ സഹായിക്കുന്നു.

## അപേക്ഷ

പ്രൊസ്‌പെക്ടസും അപേക്ഷാ ഫോമിനൊപ്പം തന്നിട്ടുള്ള നിർദ്ദേശങ്ങളും ശ്രദ്ധയോടെ വായിച്ച് സ്വന്തം മുൻഗണനാ ക്രമത്തിൽ കോളേജുകൾ തെരഞ്ഞെടുക്കുക. കോളേജുകളുടെ അഫിലിയേഷൻ നമ്പർ, സീറ്റുകളുടെ എണ്ണം, കോഴ്സ് എന്നിവ കൃത്യമായി മനസ്സിലാക്കി ഒ.എം.ആർ (ഒപ്റ്റിക്കൽ മാർക്ക് റീഡർ)അപേക്ഷാ ഫോറം ശ്രദ്ധാ പൂർവം പൂരിപ്പിക്കുക. പ്രസ്തുത കോളേജുകളിലേക്ക് ഏകജാലക മാതൃകയിൽ റാങ്കടിസ്ഥാനത്തിൽ ആയിരിക്കും അലോട്ട്മെന്റ് നടത്തുക. **പൂരിപ്പിച്ച അപേക്ഷാ ഫോറം അടുത്തുള്ള വാഫി, വഫിയ്യ കോളേജിലോ, സി.ഐ.സി ഓഫീസിലോ 2017 ഏപ്രിൽ 30 (ഞായർ) ന് 5 PM നു മുമ്പ് സമർപ്പിക്കുക.** www.wafycic.com എന്ന വെബ്സൈറ്റിൽ ഓൺലൈനായും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗൾഫ് രാജ്യങ്ങളിലും പ്രവേശന പരീക്ഷാ സെന്ററുകൾ ഒരുക്കുന്നുണ്ട്.

## യോഗ്യത

എസ്.എസ്.എൽ.സി തുടർ പഠനയോഗ്യതയും മദ്റസ ഏഴാം ക്ലാസ്/തത്തുല്യ വിജയവും നേടിയ 17 വയസ്സ് കവിയാത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സി.ഐ.സി നടത്തുന്ന ഏകീകൃത പ്രവേശനപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ വാഫി, വഫിയ്യ കോഴ്സുകളിലേക്ക് അഡ്മിഷൻ നൽകുന്നു. **+1 സയൻസ് തെരഞ്ഞെടുക്കുന്നവർക്ക് എസ്.എസ്.എൽ.സി സയൻസ് വിഷയങ്ങളിൽ ബി ഗ്രേഡും കൊമേഴ്സിന് മാതമാറ്റിക്സിൽ സി പ്ലസ് ഗ്രേഡും യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.**

## പരീക്ഷാ രീതി

മൾട്ടിപ്പ്ൾ ചോയ്സ് ചോദ്യങ്ങൾക്ക് OMR രീതിയിൽ ഉത്തരമെഴുതുന്ന വിധമായിരിക്കും പ്രവേശനപരീക്ഷ. (തന്നിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് വൃത്തങ്ങൾ ഷൈഡ് ചെയ്യുന്ന രീതി).അപേക്ഷാ ഫോറവും OMR രൂപത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

## പരീക്ഷക്ക് വരുമ്പോൾ

ഫോട്ടോ പതിച്ച അഡ്മിറ്റ് കാർഡ്, എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റ് കോപ്പി, ബോൾ പോയിന്റ് പെൻ എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

## പരീക്ഷാ സിലബസ്

Knowledge, Comprehension, Maths Ability, Science Awareness, General Intelligence, Language And Writing Skill, Reasoning, Decision Making, Problem Solving, Creativity.

# പരീക്ഷാ സെന്ററുകൾ

| | ജില്ല | കോഡ് | സെന്റർ | ഫോൺ |
|---|---|---|---|---|
| വാഫി | മലപ്പുറം | MZV | വളാഞ്ചേരി മർക്കസ് | 9633090637, 04942103003 |
| | | MIA | MIC അത്താണിക്കൽ, വള്ളുവമ്പ്രം | 8137099809, 04832772011 |
| | | WPK | വാഫി കാമ്പസ്, കാളികാവ് | 04931259888, 9497259888 |
| | കോഴിക്കോട് | MHK | മിസ്ബാഹുൽ ഹുദാ, കുറ്റ്യാടി | 7034260261, 9567070205 |
| | വയനാട് | SUW | ശംസുൽ ഉലമ അക്കാദമി, വെങ്ങപ്പള്ളി | 9496362418, 04962557100 |
| | പാലക്കാട് | DUT | ദാറുൽ ഉലൂം വാഫീ കാമ്പസ്, പാറൽ, തൂത | 9526710978, 9446240340 |
| | കാസർഗോഡ് | HSK | ഹിദായത്തു സിബ്യാൻ മദ്രസ, കണ്ടത്തിൽ, തളങ്കര | 9747671376, 9645909538 |
| | കണ്ണൂർ | IZA | ഇസ്സത്തുൽ ഇസ്‌ലാം, അത്താഴക്കുന്ന്. | 9656997875, 9847707399 |
| | എറണാകുളം | MKE | മർകസ്, കളമശ്ശേരി | 9747661013, 9249718026 |
| | തൃശൂർ | MIT | അൽ അമീൻ ഹയർ സെക്കണ്ടറി സ്കൂൾ കേച്ചേരി MIC | 9946732568, 9567064161 |
| | ആലപ്പുഴ | SSP | ശംസുൽ ഉലമ (വാഫി കോളേജ്) പതിയാങ്കര | 9847051806, 9747082910 |
| | തിരുവനന്തപുരം | NBT | നിബ്രാസുൽ ഉലൂം (വാഫി കോളേജ്) പള്ളിനട, കണിയാപുരം | 9747315548, 9747352261 |

| | | | | |
|---|---|---|---|---|
| വഫിയ്യ | മലപ്പുറം | MZV | വളാഞ്ചേരി മർക്കസ് | 9633090637, 04942103003 |
| | കോഴിക്കോട് | MKK | മുക്കം മുസ്‌ലിം ഓർഫനേജ്, കോഴിക്കോട് | 9567070205, 9847499768 |
| | കണ്ണൂർ | IZA | ഇസ്സത്തുൽ ഇസ്‌ലാം, അത്താഴക്കുന്ന്. | 8547553348, 9847707399 |
| | കാസർഗോഡ് | NIA | നൂറുൽ ഇസ്‌ലാം വിമൻസ് കോളേജ്, ആലംപാടി | 9747671376, 9495076109 |
| | വയനാട് | WMM | WMO കാമ്പസ്, മുട്ടിൽ | 04936246623, 9446891301 |
| | തൃശൂർ | MIK | MIC കൈപ്പമംഗലം | 9747680010, 9633604860 |
| | എറണാകുളം | SKA | ബീവി ഖദീജ, കോമ്പാറ, ആലുവ | 9526397263, 04842839811 |
| | ആലപ്പുഴ | NFA | നഫീസത്തുൽ മിസ്‌രിയ്യ, മാന്നാർ | 9847051806, 9747082910 |

## ഇന്റർവ്യൂ & അഡ്മിഷൻ

എഴുത്ത് പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ മെയ് 20 ഞായർ (വഫിയ്യ), മെയ് 21 തിങ്കൾ (വാഫി) തിയ്യതികളിൽ നടക്കുന്ന ഇന്റർവ്യൂവിന് അഡ്മിറ്റ് കാർഡുമായി രക്ഷിതാവിനൊപ്പം ഹാജറായി സീറ്റ് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സീറ്റ് നഷ്ടപ്പെട്ടാൽ സി.ഐ.സി ഉത്തരവാദിയാകുന്നതല്ല. എസ്.എസ്.എൽ.സി ഒറിജിനൽ സർട്ടിഫിക്കറ്റ്, ടി.സി, കോണ്ടാക്ട് സർട്ടിഫിക്കറ്റ് എന്നിവ സ്ഥാപനത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## ലേറ്ററൽ എൻട്രി

+1 പാസായ വിദ്യാർത്ഥികൾക്ക് തംഹീദിയ്യ രണ്ടിലേക്കും (അഡ്മിഷൻ നേടുന്ന സ്ഥാപനത്തിൽ +2 പൂർത്തിയാക്കാനുള്ള സൗകര്യം ഉറപ്പാക്കിയ ശേഷം), +2 കഴിഞ്ഞവർക്ക് ആലിയ ഒന്നാം സെമസ്റ്ററിലേക്കും തംഹീദിയ്യ സിലബസിലെ നഹ്‌വ്, സ്വർഫ്, അദബ് എന്നിവയിൽ സി.ഐ.സി നേരിട്ട് നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റിലൂടെ ഇടക്കാല അഡ്മിഷൻ നേടാവുന്നതാണ്.
കൂടുതൽ വിവരങ്ങൾക്ക് 9747393555 ൽ ബന്ധപ്പെടുക.

**2017-18 വർഷത്തെ ഇടക്കാല അഡ്മിഷനുള്ള**
**എലിജിബിലിറ്റി ടെസ്റ്റ് : മെയ് 15 (തിങ്കൾ)**
**എലിജിബിലിറ്റി ടെസ്റ്റ് റിസൽറ്റ്: മെയ് 20 (ശനി)**

## പരീക്ഷാ തിയ്യതി

**വഫിയ്യ**
2017 മെയ് 3 (ബുധൻ)
**വാഫി**
2017 മെയ് 4 (വ്യാഴം)
**സമയം**
11.00 am 1.00 pm
(2 മണിക്കൂർ)

**പഠനാരംഭം :**
ജൂലൈ 05 (ബുധൻ)

## റിസൽട്ട്

വാഫി : മെയ് 13
വഫിയ്യ : മെയ് 14

എല്ലാ ഫലങ്ങളും വാഫിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും തന്നിട്ടുള്ള നമ്പറിലേക്ക് SMS അയക്കുന്നതുമാണ്.
വെബ് സൈറ്റ്:
**www.wafycic.com**

**Help Line:**
**1800 3000 2912 (Toll Free)**
**7025 68 77 88, 9497 313 222, 9747 393 555**

# അഫ്ലിയേറ്റഡ് കോളേജുകൾ (വാഫി)

| | Aff No: | Name of College | GRADE (%) | | | | Total Seat | Payment Seat | +2 Group | PG Department |
|---|---|---|---|---|---|---|---|---|---|---|
| | | | Academic | Infrastucture | Total | Rating | | | | |
| MALAPPURAM | 01 | **KKHM ISLAMIC & ARTS COLLEGE** Karthala, Markaz Campus,Valanchery Malappuram Pin: 679571, Ph: 0494 2103003, 9633090637 | 72 | 53.33 | 63.6 | ★ | 30 | 15 | Science | Thafseer, Muamala, Usra |
| | 02 | **RASHEEDIYYA ISLAMIC AND ARTS COLLEGE** Edavannappara Vazhakkad, Malappuram Pin:673645 Ph: 0483 2725337, 9747656165 | 49.42 | 38.11 | 44.33 | - | NA | NA | Commerce | NA |
| | 04 | **MAJMA'A SHAREE-ATH & ARTS COLLEGE** Rahmath Nagar, Po:Kavanoor Areekode, Malappuram Ph: 0483 2850935, 9447336999, 9447697416 | 59.27 | 46.11 | 53.35 | - | 35 | - | Humanities | Thafseer, Usra Luga |
| | 09 | **AL MAKHDOOM ISLAMIC & ARTS COLLEGE** Moonnakkal Valanchery, Malappuram Pin: 676552 Ph: 9539069272, 0494 2649272 | 53.82 | 16.89 | 37.2 | - | NA | NA | Humanities | NA |
| | 11 | **PMSA POOKOYA THANGAL ISLAMIC & ARTS COLLEGE** Yatheem Khana Campus Kattilangadi, Po: Athavanadu, Puthanathani. Pin 676301 Ph: 04942571999, 9744405521, 9847574149 | 66.64 | 63.44 | 65.2 | ★ | 35 | - | Humanities | NA |
| | 17 | **DARUL ULOOM ISLAMIC & ARTS COLLEGE** Wafy Campus Paral,Thootha Malappuram Pin: 679357, Ph: 04933 206266, 9446240340 | 76.82 | 66.11 | 72 | ★★ | 30 | - | Humanities | Thafseer, Usra |
| | 19 | **SUBULU RASHAD ISLAMIC & ARTS COLLEGE** Po:Iringattiri , Karuvarakundu(Via) Malappuram Pin: 676523, Ph: 04931 280736, 9446883585, 9562385853 | 53.45 | 35.44 | 45.35 | - | NA | NA | Humanities | NA |
| | 21 | **BAFAKHY ISLAMIC & ARTS COLLEGE** Kalpakanchery Valavannoor, Malappuram Pin: 676551, Ph: 0494 2543176 | 70.45 | 62.33 | 66.8 | ★ | 25 | - | Commerce | Thafseer |
| | 25 | **BUSTHANUL ULOOM ISLAMIC & ARTS COLLEGE** Valanchey Town Juma Masjid Malappuram Pin: 676552, Ph: 9745500200,9747634929 | 57.82 | 36.11 | 48.05 | - | NA | NA | Commerce | NA |
| | 33 | **DARUSSALAM ISLAMIC & ARTS COLLEGE** Chennara, Po: Mangalam, Thirur Malappuram Pin: 676561 Ph: 0494 2564575, 9446286338, 9946554835 | 47.82 | 54.67 | 50.9 | - | 30 | - | Humanities | NA |
| | 37 | **GRACE VALLEY ISLAMIC & ARTS COLLEGE** Maravattom, Kadampuzha, Po: Chengottoor Pin :676 503 Ph: 8589054502,9446615162 | 64 | 52.22 | 58.7 | - | 30 | 15 | Humanities | NA |
| | 41 | **LIWA - UL - HUDA ISLAMIC & ARTS COLLEGE** Keezhuparamb Areekode, Malappuram Pin: 673639, Ph: 0483 2859278, 9446160677 | 55 | 51.78 | 53.55 | - | 25 | - | Commerce | NA |
| | 47 | **MAQDOOMIYYA ISLAMIC & ARTS COLLEGE** Athanikkal, Po: Valluvambram Malappuram Pin: 673642, Ph: 0483 2772011, 9142184466 | 51.36 | 42 | 47.15 | - | 30 | 15 | Commerce | NA |
| | 51 | **DARUL IHSAN ISLAMIC ACADEMY** Punnakkal, Changaramkulam Malappuram Pin: 679575, Ph: 0494 2656338, 9946823810, 9633187285 | 42.09 | 41.11 | 41.65 | - | 35 | - | Commerce | NA |
| | 55 | **THANVEER ISLAMIC & ARTS COLLEGE** Rahmathabad (Valakandy) Po: Kumminiparamba. Pin:673638 Ph: 0494 2434546, 9744770064, 8589004546 | 66.64 | 76.89 | 71.25 | ★★ | 30 | - | Humanities | NA |

| | Aff No: | Name of College | GRADE (%) | | | | Total Seat | Payment Seat | +2 Group | PG Department |
|---|---|---|---|---|---|---|---|---|---|---|
| | | | Academic | Infrastucture | Total | Rating | | | | |
| MALAPPURAM | 61 | **DARUL IHSAN ISLAMIC & ARTS COLLEGE** Pallippadi, Po:Chungathara Nilambur, Malappuram Pin: 679334, Ph: 04931 231027 | 59.82 | 28.33 | 45.65 | - | NA | NA | Humanities | NA |
| | 63 | **AL RASHAD ISLAMIC & ARTS COLLEGE** Kodikuthiparamba Po: Kondotty , Pin: 673637, Ph: 0483 2793886, 9633647715 | 52.18 | 49.44 | 50.95 | - | 25 | - | Humanities | NA |
| | 66 | **CHERUSSERI ZAINUDHEEN MUSLIYAR MEMORIAL ISLAMIC & ARTS COLLEGE** Hidayath Campus, Po:Thurakkal, Kondotty, Malappuram. Pin: 673638 Ph: 0483 2714786, 9747642502 | 65.55 | 61.11 | 63.55 | ★ | 30 | 15 | Humanities | NA |
| | 68 | **SHAIKH SAEED ISLAMIC & ARTS COLLEGE** Po: Ayilakkad, Edappal Via Malappuram. Pin: 679576, Ph: 0494 2684786, 8907674127 | 62.09 | 64.33 | 63.1 | ★ | 25 | 5 | Commerce | NA |
| | 75 | **POOKOYATHANGAL MEMORIAL WAFY COLLEGE** Vadakkangara, Tadathilkund, Mankada, Malappuram. Pin :679324 Ph:04933 281650, 8089808588, 8589028165, 9947008567 | - | - | - | - | 30 | - | Humanities | NA |
| | 76 | **MAJLIS UMARIYYA ISLAMIC & ARTS COLLEGE** Majlis Nagar, Puramannur Valanchery, Malappuram - 676552 Ph: 9526343334, 8893432555 | - | - | - | - | 25 | - | Commerce | NA |
| | 77 | **WAFY CAMPUS 01** Run by Co Ordination of Islamic Colleges. Po: Adakkakund, Kalikavu, Pin: 676525, Ph: 04931 259888, 9961981947 | - | - | - | - | NA | - | - | Thafser,Usra, Muamala, Luga |
| | 85 | **SHIHAB THANGAL ISLAMIC & ARTS COLLEGE** Vidya Nagar, Po: Mundamparamba, Malappuram Pin: 676509 Ph:9282902189, 9446884003 | - | - | - | - | 15 | - | Commerce | NA |
| | 87 | **C B M S ISLAMIC ACADEMY** Chappanangadi Bappu Musliyar Smaraka Yatheem Khana Po: Vilayil, Parappur Pin: 673641 Ph : 0483 2756266, 9747686973, 9061835273 | - | - | - | - | 30 | - | Commerce | NA |
| KOZHIKKODE | 13 | **MISBAHUL HUDA ISLAMIC & ARTS COLLEGE (WAFY)** Misbahul Huda Educational Complex, Po: Adukath, Kuttiady, Kozhikkode 673508 Ph: 0496 2596732 ,0496 2599101 ,9567070205,9656254680 | 55.64 | 40.89 | 49 | - | 30 | 3 | Humanities | NA |
| | 70 | **SHAMSUL ULAMA WAFY COLLEGE** Po: Cherumoth, Nadapuram, Valayam Vadakara, Kozhikkod. Pin: 673517, Ph: 0496 2557100,9946261868,8943400965 | 40.82 | 32 | 36.85 | - | NA | NA | Commerce | NA |
| KANNUR | 32 | **ASSHUHADA ISLAMIC DA'WA COLLEGE** Mamba Muzhappala, Kannur Pin: 670611, Ph: 0497 2852627, 9747315540 | 69.64 | 53 | 62.15 | ★ | 30 | - | Humanities | NA |
| | 35 | **MTM ISLAMIC & ARTS COLLEGE** Chokli, Kadukka Bazar, Po: Chokli, Kannur Pin 670672 Ph: 0490 2338188, 9747394237, 9747323399 | 67.36 | 58.22 | 63.25 | ★ | 25 | - | Commerce | NA |
| | 67 | **MALIK DEENAR ISLAMIC & ARTS COLLEGE** Pazhayangadi, Po: Sreekandapuram Koottumugam Pin: 670631 Ph:0460 2230121, 9995966017,9747127219 | 56.55 | 55.33 | 56 | - | 20 | 4 | Commerce | NA |
| | 69 | **ZAHRA COLLEGE OF ISLAMIC SCIENCES** (WAFY) Thangal Peedika Po: Panoor, Kannur Pin: 670692, Ph: 9946179810, 9846161568, 0490 2310096 | 66.73 | 45.56 | 57.2 | - | 25 | - | Science | NA |

| | Aff No: | Name of College | GRADE (%) | | | | Total Seat | Payment Seat | +2 Group | PG Department |
|---|---|---|---|---|---|---|---|---|---|---|
| | | | Academic | Infrastucture | Total | Rating | | | | |
| WAYANAD | 12 | **SHAMSUL ULAMA ISLAMIC ACADEMY** Vengappally, Po: Puzhamudi Kalpatta, Wayanad Pin: 673121, Ph: 0493 6205426, 04936 205426, 9605238037 | 65.09 | 54 | 60.1 | ★ | 30 | - | Humanities | Thafseer, Usra |
| PALAKKAD | 34 | **NATTUKAL MAKHAM ISLAMIC & ARTS COLLEGE** Po:Nattukal Mannarkad, Palakkad Pin: 678583, Ph: 9847556786,0492 4236755 | 62.91 | 42.89 | 53.9 | - | NA | NA | Humanities | NA |
| PALAKKAD | 57 | **MUHAMMADIYYA ISLAMIC AND ARTS COLLEGE** Marayamangalam Nellaya, Cherpulasseri, Pin: 679335 Ph: 0466 2382313, 9447216223 | 48.45 | 46.89 | 47.75 | - | 30 | - | Commerce | NA |
| THRISSUR | 39 | **DARUTHAQWA ISLAMIC ACADEMY** Pulikkanny, Po:Palappilly Thrissur, Pin: 680304, Ph: 0480 2761289, 9747394670,8129678167 | 51.82 | 52 | 51.9 | - | 40 | - | Commerce | NA |
| THRISSUR | 44 | **DARU RAHMA ISLAMIC & ARTS COLLEGE** Thozhiyoor, Thrissur Pin: 680520, Ph: 0487 2681040, 0487 2682475 | 60 | 42.44 | 52.1 | - | 30 | - | Science | NA |
| THRISSUR | 45 | **MALIK BIN DEENAR ISLAMIC & ARTS COLLEGE** Puthanchira Kunnatheri, Thrissur Pin: 680682, Ph: 0480 2897975, 9400654444 | 51.82 | 50.22 | 51.1 | - | 30 | - | Humanities | NA |
| THRISSUR | 56 | **DARUL FALAH ISLAMIC & ARTS COLLEGE** Po: Attur, Near Shornur, Thrissur, PIN:680583, Ph: 9495734473, 9846956786 | 62.27 | 57.78 | 60.25 | ★ | 40 | - | Humanities | NA |
| THRISSUR | 59 | **SHAMSUL HUDA ISLAMIC ACADEMY** Vadanappalli Beach Po: Vadanappally, Pin: 680614, Ph: 9567064161 | 59.27 | 35.33 | 48.5 | - | NA | NA | Commerce | NA |
| ERNAKULAM | 52 | **MARKAZ ISLAMIC & ARTS COLLEGE** Changampuzha SouthKalamassery, Eranakulam Pin: 682033 Ph: 9946766701 | 48.09 | 32.67 | 41.15 | - | 30 | - | Commerce | NA |
| ERNAKULAM | 73 | **ASASUDAUWA ISLAMIC & ARTS COLLEGE** Chelakkulam, Khair-abad, Po: Vengola Perumbavoor, Ernakulam Pin: 683556, Ph: 0484 2656592, 9947342960, 9526720737 | - | - | - | - | 25 | - | Commerce | NA |
| KASARAGOD | 54 | **UMERALI SHIHAB THANGAL ISLAMIC ACADEMY** Kokkachal Wafy College, Po: Kayyar Bandiyod Via, Kayyar, PIN:671322 Ph:04998 262313,9747671376,9495607337 | 57.36 | 39.44 | 49.3 | - | 25 | - | Commerce | NA |
| KASARAGOD | 65 | **IMAM SHAFI ISLAMIC ACADEMY** Badriyya Nagar, Po: Kumbala, Kasaragod Pin: 671321, Ph: 8156881991, 8891232313 | 56 | 38 | 47.9 | - | NA | - | Commerce | NA |
| ALAPUZA | 64 | **SHAMSUL ULAMA ISLAMIC & ARTS COLLEGE** Pathiyankara, Po: Thrikkunnappuzha Pin: 690515 Ph: 9061631617, 9288759269, 9847051806 | 47.36 | 39.33 | 43.75 | - | 40 | - | Commerce | NA |
| TVPM | 42 | **NIBRASUL ISLAM ISLAMIC & ARTS COLLEGE** Kaniyapuram, Pallinada,Chittattumukku, Trivandrum Pin: 695301. Ph: 0471 2754776, 9388970630, 9747315548, 9747352261 | 53.73 | 40.67 | 47.85 | - | 40 | 10 | Humanities | NA |
| KARNATAKA | 86 | **AL KOUSAR SHAREATH COLLEGE** Karnataka Islamic Academy(R) PO:Kumbra, Volamogru, Puttur, DK, Pin: 574210 Phone : 0825 1285566 918495948738, 919611637846 | - | - | - | - | 40 | - | PUC Karnadaka State Syllabus | NA |

# അഫ്ലിയേറ്റഡ് കോളേജുകൾ (വഫിയ്യ)

| | Aff No: | Name of College | GRADE (%) | | | | Total Seat | Payment Seat | +2 Group | PG Department |
|---|---|---|---|---|---|---|---|---|---|---|
| | | | Academic | Infrastucture | Total | Rating | | | | |
| MALAPPURAM | 30 | **AL GAITH ISLAMIC & ARTS COLLEGE FOR GIRLS** Karthala Valanchery, Malappuram Pin: 679571, Ph: 0494 2103003, 9207220786, 8943798319 | 66 | 52.67 | 60 | ★ | 32 | 14 | Humanities | Islamic Studies |
| MALAPPURAM | 48 | **BAFAQY ISLAMIC & ARTS WOMEN'S COLLEGE** Kalpakanchery Valavannoor, Malappuram Pin: 676551, Ph: 0494 2545425 | 70.55 | 65.56 | 68.3 | ★ | 35 | 35 | Humanities | NA |
| MALAPPURAM | 74 | **GRACE VALLEY ISLAMIC & ARTS COLLEGE FOR GIRLS** Maravattom, Kadampuzha Po: Chengottoor, Malappuram Pin: 676503. Ph: 8589054507, 8589054508 | - | - | - | - | 30 | 30 | Humanities | NA |
| MALAPPURAM | 80 | **AL- FAROOQUE ISLAMIC ARTS AND SCIENCE WOMEN'S COLLEGE** Thripanachi Po: Thrippanachi, Malappuram Pin: 673641 Ph : 9544770595, 0483 2821470 | - | - | - | - | 40 | - | Commerce | NA |
| WAYANAD | 58 | **WMO WOMEN'S COLLEGE (WAFIYYA)** Allana Campus, Meenangadi- 54, Po: Meenanagadi, Wayanad. Pin 673591 Ph: 0493 6246 623, 9446891301, 9446254004 | 61.82 | 53.11 | 57.9 | - | 35 | 35 | Humanities | NA |
| KOZHIKKODE | 82 | **VAYALIL MOYI HAJI MEMORIAL ISLAMIC & ARTS COLLEGE FOR WOMEN** Mukkam Muslim Orphanage Committee, Po: Mukkam, Kozhikkode Pin : 673602, Ph : 0495 2297122, 9746995303 | - | - | - | - | 40 | - | Humanities | NA |
| KANNUR | 38 | **MTM WOMEN'S COLLEGE** Po: Olavilam,New Mahe, Kerala Pin :673313 Ph: 0490 2394868, 9946193577 | 51 | 48 | 49.65 | - | NA | - | Humanities Commerce | NA |
| KANNUR | 88 | **IZZATHUL ISLAM WOMEN'S COLLEGE (WAFIYYA DAY COLLEGE)** Athazakunnu, koroli (Po), Kannoor Pin: 670005 Ph:9400647732,9895337807 | - | - | - | - | 40 | - | Commerce | NA |
| ERNAKULM | 60 | **BEEVI KHADEEJA ISLAMIC & ARTS WOMEN'S COLLEGE** Kombara, N.A.D Po,Aluva, 683563, Ernakulam Ph: 8893898752, 04842839811 | 62.55 | 61 | 61.85 | ★ | 35 | 26 | Humanities | NA |
| PALAKAD | 79 | **DARUL ANWAR ISLAMIC COMPLEX** Pallipuram, Po Cherukudangadu, Pattambi, Palakkad Pin: 679305 Ph: 9946114515, 9048758147 | - | - | - | - | 30 | - | Humanities | NA |
| KASARAGOD | 81 | **NOORUL ISLAM WOMEN'S COLLEGE** Alampady , Po Alampady Kasaragod, Vidyanagar Pin: 671123 Ph: 04954 255584, 9495076109, 9249522001 | - | - | - | - | 40 | - | Humanities | NA |
| KASARAGOD | 83 | **IMAM SHAFI ISLAMIC SHE CAMPUS** Badriyya Nagar, Po Kumbla Kasaragod Pin :671321, Ph: 7715022083, 8891232313, 8156881991 | - | - | - | - | 30 | 10 | Humanities | NA |
| TRISSUR | 84 | **MIC ISLAMIC & ARTS COLLEGE FOR WOMEN** Malik Bin Deenar Islamic Complex Po: Kaipamangalam Munnupeedika,Thrissur Pin: 680681, Ph: 9747680010, 0480 2842014, 9633604860 | - | - | - | - | 30 | 15 | Humanities | NA |
| ALAPUZA | 78 | **NAFEESATHUL MISRIYA ISLAMIC & ARTS COLLEGE FOR WOMEN** Po: Mannar, Alappuzha. Pin 689622, Ph: 9961737302, 0479 2312121 | - | - | - | - | 40 | - | Commerce | NA |

സി.ഐ.സി നിശ്ചയിച്ച അടിസ്ഥാന സൗകര്യങ്ങൾ എല്ലാ സ്ഥാപനങ്ങളും സജ്ജീകരിച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടുതൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഗ്രേഡിംഗ് നടന്നിട്ടുള്ളത്. അഫിലിയേഷൻ നേടി 2 വർഷം പൂർത്തീകരിച്ച സ്ഥാപനങ്ങളിൽ മാത്രമേ സി.ഐ.സി ഗ്രേഡിംഗ് പരിശോധന നടത്തുന്നുള്ളൂ. സി.ഐ.സി അഫിലിയേഷനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ച സ്ഥാപനങ്ങളിലേക്ക് മാത്രമേ അലോട്ട്മെന്റ് നടത്തുകയുള്ളൂ.. 60 - 69 = ★, 70 - 79 = ★★, 80 - 89 = ★★★, 90 - 100 = ★★★★

wafycic@gmail.com
http://www.wafycic.com
http://www.facebook.com/wafycic

മത ദൗതിക വിദ്യകൾ പരസ്പര വിരുദ്ധങ്ങളാണെന്നും അവയുടെ സമന്വയം അസാധ്യമാണെന്നും വിചാരിക്കുന്നത് ധിഷണാന്ധതയാണ്. യഥാർത്ഥത്തിൽ ഇരു വിദ്യകളും ത്രാസിന്റെ രണ്ട് താലങ്ങൾ പോലെ പരസ്പര പൂരകങ്ങളാണ്

ഇമാം ഗസ്സാലി (റ)

CIC/NM/D-42/PPS/R02/Mar2017

1800 3000 2912 (Toll free)

**CO-ORDINATION OF ISLAMIC COLLEGES**

**ISO 9001:2015 Certified**

Member, International Islamic Universities League

HO:Markaz Campus, Valanchery, PO: Karthala, 679 571, Malappuram, Kerala-India,
Ph:7025 68 77 88 9497 313 222, Email: wafycic@gmail.com

Rs.400

**Prospectus-2017**